ഉത്തരം

(എ) 1-1-1997 മുതൽ 14-8-1998 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി നോക്കിയിരുന്ന മുഴുവൻ വികലാംഗരേയും സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് സർവ്വീസിൽ സ്ഥിരപ്പെടുത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 15-8-1998 മുതൽ 15-8-1999 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് 179 ദിവസമോ അതിൽ കൂടുതലോ സർവ്വീസ് പൂർത്തിയാക്കിയ വികലാംഗരെ സ്ഥിരപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. നാളിതുവരെ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ 507 വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) വികലാംഗ ജീവനക്കാർ ജോലിയിൽ പുനഃപ്രവേശിച്ച തീയതി മുതൽ സർവ്വീസ് കാലയളവായി പരിഗണിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 1-1-1997 മുതൽ 14-8-1998 വരെ ജോലി ചെയ്ത വികലാംഗർക്കും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

22. [785] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഇപ്പോൾ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പി. എസ്. സി. ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുകളിൽ നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി & ഡി) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

N.B. [ശ്രീ. ഡി. സുഗതൻ 5-7-2005-ന് എം. എൽ. എ. സ്ഥാനം രാജിവച്ചതിനാൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (784) പരിഗണിക്കപ്പെട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly